ഭരണഭാഷ മാതൃഭാഷ


**അസി. എഞ്ചിനീയറുടെ കാര്യാലയം, എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ.സെക്ഷൻ,**

**കേളകം ഗ്രാമ പഞ്ചായത്ത്, കേളകം,.**

**കേളകം പി.ഒ. 670674, കേളകം**

E Mail : aekelakamgp@gmail.com


**എഴുത്ത് നം.AE/KLM/2026-27 (1)** **തീയ്യതി : 19/05/2026**

# ക്വട്ടേഷൻ നോട്ടീസ്

കേളകം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് 2026-27 വർഷത്തെ പദ്ധതി നിർവ്വഹണവുമുയി ബന്ധപ്പെട്ട് ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം വാടകയക്ക് നൽകുവാൻ തയ്യാറുള്ളവരിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

## നിബന്ധനകൾ

1) 2017 അല്ലെങ്കിൽ അതിനുശേഷമുള്ള മോഡൽ വാഹനങ്ങൾക്ക് മുൻഗണന.
2) പ്രതിമാസ പരമാവധി കിലോമീറ്ററിന് ഈടാക്കുന്ന നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
3) അതാത് മാസത്തെ LOG BOOK ഹാജരാക്കേണ്ടതാണ്.
4) ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാൽ 200 രൂപയുടെ മുദ്ര പത്രത്തിൽ ഈ ഓഫീസുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
5) കരാർ വാഹനം ക്വട്ടേഷൻ അംഗീകരിച്ച തീയ്യതി മുതൽ ഒരു വർഷത്തേക്ക് വരെ ലഭ്യമാക്കേണ്ടതാണ്.
6) ഇന്ധനച്ചെലവ്, ഡ്രൈവറുടെ ശമ്പളം വാഹനത്തിന്റെ മെയ്ന്റനൻസ് എന്നിവ ഉൾപ്പെടുന്നത് ആയിരിക്കണം ക്വട്ടേഷൻ നിരക്ക്.
7) ആവശ്യപ്പെടുമ്പോഴെല്ലാം വാഹനം ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാർ പ്രകാരമുള്ള വാഹനം ലഭിക്കാതെ വന്നാൽ പകരം വാഹനം സ്വന്തം ഉത്തരവാദിത്വത്തിൽ ലഭ്യമാക്കേണ്ടതാണ്.
8) ക്വട്ടേഷനോടൊന്നിച്ച് വാഹനത്തിന്റെ രജിസ്ടേഷന്റേയും. ഇൻഷുറൻസ് അടച്ചതിന്റേയും കരാറിൽ ഏർപ്പെടുന്ന ഡ്രൈവറുടെ വാലിഡ് ഡ്രൈവിംഗ് ലൈസൻസിന്റെയും കോപ്പികൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.
9) പൂരിപ്പിച്ച ക്വട്ടേഷൻ "അസിസ്റ്റന്റ് എഞ്ചിനീയർ .എൽ.എസ്.ജി.ഡി. സെക്ഷൻ കേളകം ഗ്രാമ പഞ്ചായത്ത്" എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
10) ക്വട്ടേഷൻ തിരുത്തലുകൾ ഇല്ലാതെ പൂരിപ്പിക്കേണ്ടതാണ്.
11) ക്വട്ടേഷൻ സമർപ്പിക്കുന്ന സമയത്ത് തന്നെ വാഹനത്തിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ക്വട്ടേഷൻ നിരുപാധികം നിരസിക്കുന്നതാണ്. (1) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, (2) പെർമിറ്റ്, (3) ഇൻഷുറൻസ്, (4) ടാക്സ് രശീതി, (5) ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് (6) പുക പരിശോധന സാക്ഷ്യപത്രം.
12) ഒരു വാഹനത്തിന്റെ പേരിൽ ഒരു ക്വട്ടേഷൻ മാത്രമെ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.
13) ക്വട്ടേഷൻ ലഭിച്ചതിനുശേഷം അതിൽ നിന്നും പിന്മാറുന്നവരെ യാതൊരു കാരണവശാലും ഇവിടെ നടത്തുന്ന പിന്നീടുള്ള ക്വട്ടേഷനിൽ ഉൾപ്പെടുത്തുന്നതല്ല.
14) ക്വട്ടേഷൻ ബന്ധപ്പെട്ട വിഷയങ്ങൾ കേളകം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം അന്തിമമായിരിക്കും.
15) വാഹനം ഓഫീസ് ആവശ്യത്തിനായി എല്ലാ പ്രവൃത്തി ദിനങ്ങളിലും പ്രവൃത്തി സമയത്തും ആവശ്യപ്പെടുമ്പോഴും ലഭ്യമാക്കണം.
16) ക്വട്ടേഷനോടൊപ്പം 500 രൂപയുടെ ഡി.ഡി ഹാജരാക്കേണ്ടതാണ്.
17) ക്വട്ടേഷൻ അയയ്ക്കുന്ന കവറിൻറെ പുറത്ത് അയയ്ക്കുന്ന ആളിൻറെ മേൽവിലാസം വ്യക്തമായി എഴുതിയിരിക്കണം.
18) കരാർ ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ അനുവദിക്കുന്ന വാഹനം മാറ്റുവാൻ അനുവദിക്കുന്നതല്ല.

| ക്രമ നമ്പർ | ക്വട്ടേഷൻ നമ്പർ | വാഹനം |
|---|---|---|
| 1 | 01/2026-27 | നാലുചക്ര വാഹനം (ഗ്രൗണ്ട് ക്ലിയറൻസ് കൂടുതലുള്ളവ അഭികാമ്യം) (2017/അതിനുശേഷമുള്ള മോഡൽ വാഹനങ്ങൾക്ക് മുൻഗണന) |

ക്വട്ടേഷനുകൾ **29/05/2026 2.30** മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. അതേ ദിവസം 3.30

മണിക്ക് ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ അംഗീകരിക്കുന്നതുമാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം അസി. എഞ്ചിനീയർ എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ സെക്ഷൻ കേളകം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ

എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ.സെക്ഷൻ, കേളകം ഗ്രാമ പഞ്ചായത്ത്

എൻ ബി :- നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി താഴെ പറയുന്ന കാര്യാലയങ്ങളിൽ പകർപ്പ് സമർപ്പിക്കുന്നു.

1) സെക്രട്ടറി കേളകം ഗ്രാമപഞ്ചായത്ത്

2) കൃഷി ഓഫീസർ, കേളകം

3) വില്ലേജ് ഓഫീസ് കേളകം

<u>ഉള്ളടക്കം</u>

ക്വട്ടേഷൻ ഫോർമാറ്റ്